**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3894      21.06.2019-ലെ മറുപടിയ്ക്ക്

**<u>ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും<br>യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കിഫ്ബിയിൽ നിന്നും 10 കോടി രൂപ വകയിരുത്തിയിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കായികയുവജനകാര്യ വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എം.ഒ.യു. തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത സ്റ്റേഡിയത്തിന് ആവശ്യമായി വരുന്ന സ്ഥലം പോളിടെക്നിക്കിന്റെയും പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെയും ആയതിനാൽ ഇവർ തമ്മിൽ എം.ഒ.യു. ഒപ്പുവയ്ക്കണമെന്നത് പരിഗണിച്ച് അതിനുള്ള നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (സി) | ഭേദഗതി വരുത്തി അംഗീകരിച്ച ധാരണാപത്രത്തിന്റെ കരട് സംയുക്തമായി ഒപ്പിട്ട് കായിക യുവജനകാര്യാലയത്തിൽ സമർപ്പിക്കണമെന്ന് പിണ്ടിമന ഗ്രാമ പഞ്ചായത്തിനും, ചേലാട് പോളിടെക്നിക്കിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ധാരണാപത്രം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**